*ഔദ്യോഗിക ആവശ്യത്തിന് മാത്രം*

# പഞ്ചായത്ത് പ്രസിഡന്റ് / വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പിന് വരണാധികാരികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം**

**2020**

ഔദ്യോഗിക ആവശ്യത്തിന് മാത്രം

# പഞ്ചായത്ത് പ്രസിഡന്റ് / വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പിന് വരണാധികാരികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം**

**2020**

പഞ്ചായത്ത് പ്രസിഡന്റ് / വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പിന്
വരണാധികാരികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ


പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033

കോപ്പികൾ - 5000


# ആമുഖം

ഇൻഡ്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയിലൂടെ നിലവിൽ വന്ന ത്രിതല പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. ഗ്രാമീണ ജനതയുടെ ആവശ്യങ്ങളും ലക്ഷ്യങ്ങളും നിറവേറ്റുന്നതിനും വികസനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും സമൂഹത്തിന്റെ പൊതുവായ വളർച്ചയ്ക്കും ക്ഷേമത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് പഞ്ചായത്തുകളുടെ പ്രഥമമായ ചുമതല. ആ നിലയ്ക്ക് പഞ്ചായത്ത് പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. നിക്ഷ്പക്ഷവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിന് അതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വരണാധികാരി അറിഞ്ഞിരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റിനേയും വൈസ്പ്രസിഡന്റിനേയും തിരഞ്ഞെടുക്കുന്നതിന് വരണാധികാരി അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഈ കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 152, 153 എന്നീ വകുപ്പുകളും 1995-ലെ കേരള പഞ്ചായത്ത് രാജ് [പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും (തിരഞ്ഞടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള പഞ്ചായത്ത് രാജ് (അംഗങ്ങൾ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവരുടെ സത്യപ്രതിജ്ഞ) ചട്ടങ്ങൾ] എന്നിവയിലെ വ്യവസ്ഥകളും വരണാധികാരി അറിഞ്ഞിരിക്കേണ്ടതാണ്.

വരണാധികാരികൾക്ക് അവരുടെ കർത്തവ്യങ്ങൾ സുഗമമായി നിർവ്വഹിക്കുന്നതിന് ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

**വി. ഭാസ്കരൻ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തിരുവനന്തപുരം
12.02.2020

## ഉള്ളടക്കം                    പേജ്


1. പഞ്ചായത്ത് പ്രസിഡന്റ് /വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ് ........ 1
2. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം ........ 1
3. തിരഞ്ഞെടുപ്പിനുള്ള യോഗം വിളിയ്ക്കൽ ........ 2
4. ഹാജർ, മിനിറ്റ്സ് എന്നിവ രേഖപ്പെടുത്തൽ ........ 3
5. യോഗത്തിന്റെ ക്വാറം ........ 3
6. യോഗനടപടികൾ ........ 3
7. തിരഞ്ഞെടുപ്പ് രീതി ........ 4
8. അസാധുവായ വോട്ടുകൾ ........ 5
9. വോട്ടെണ്ണലും ഫലപ്രഖ്യാപനവും ........ 5
10. തിരഞ്ഞെടുപ്പ് ഫലം പ്രസിദ്ധീകരിക്കൽ ........ 7
11. ബാലറ്റ് പേപ്പറുകളുടെ സൂക്ഷിപ്പ് ........ 7
12. പ്രത്യേക മിനിറ്റ്സ് ബുക്കിന്റെ സൂക്ഷിപ്പ് ........ 7
13. പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ........ 8
14. പ്രസിഡന്റ്, വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച പരാതി ........ 8


**അനുബന്ധം**


1. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നോട്ടീസ് മാതൃക ........ 9
2. ബാലറ്റ് പേപ്പർ മാതൃക ........ 10

# പഞ്ചായത്ത് പ്രസിഡന്റ് / വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ്

ഓരോ പഞ്ചായത്തിലും ആ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണെന്നും പ്രസിഡന്റ് പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യ നിർവ്വഹണാധികാരസ്ഥൻ ആയിരിക്കുന്നതുമാണെന്ന് 1994-ലെ കേരള പഞ്ചായത്ത് ആക്ടിലെ 153-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ് നടത്തുന്നതിലേയ്ക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇപ്രകാരം സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള വരണാധികാരികൾ ആക്ടിലെ 153-ാം വകുപ്പിലേയും 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം, കാര്യക്ഷമവും നിഷ്പക്ഷവുമായിട്ട് വേണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

**2. പ്രസിഡന്റ്/വൈസ്പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലേയും ബ്ലോക്ക്പഞ്ചായത്തുകളിലേയും ജില്ലാ പഞ്ചായത്തുകളിലേയും പ്രസിഡന്റിന്റെ നിശ്ചിത എണ്ണം സ്ഥാനങ്ങൾ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയുടേയും സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെയും അനുപാതത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസിഡന്റിന്റെ ആകെയുള്ള

സ്ഥാനങ്ങളിൽ അൻപത് ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ സംവരണം കൂടി ഉൾപ്പെട്ടിട്ടുള്ളതാണ്. തിരഞ്ഞെടുപ്പ് നടത്തുന്നതിന് മുമ്പ് പ്രസ്തുത സ്ഥാനം സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടതാണോയെന്ന് ഉറപ്പ് വരുത്തണം. കൂടാതെ വൈസ് പ്രസിഡന്റ് സംവരണം ചേർക്കണം.

**3. തിരഞ്ഞെടുപ്പിനുള്ള യോഗം വിളിക്കൽ**

i) പ്രസിഡന്റിനെയും വൈസ്പ്രസിഡന്റിനേയും തിരഞ്ഞെടുക്കുവാനുള്ള യോഗം കൂടേണ്ട തീയതി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച് വരണാധികാരിയെ അറിയിക്കുന്നതാണ്. ആ ദിവസം ബന്ധപ്പെട്ട പഞ്ചായത്തിലെ അംഗങ്ങളുടെ ഒരു യോഗം വരണാധികാരി പഞ്ചായത്ത് ഓഫീസിൽ വിളിച്ചു കൂട്ടേണ്ടതാണ്.

ii). യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിക്കുന്ന നോട്ടീസ് (അനുബന്ധം 1 കാണുക) അംഗങ്ങൾക്ക് ഏറ്റവും കുറഞ്ഞത് യോഗ തീയതിക്ക് ഏഴു പൂർണ്ണ ദിവസ ങ്ങൾക്ക് മുമ്പായെങ്കിലും നൽകേണ്ടതും നോട്ടീസിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. **എന്നാൽ ഒരു പൊതു തിരഞ്ഞെടുപ്പിനുശേഷം ആദ്യമായി നടത്തുന്ന തിരഞ്ഞെടുപ്പ് യോഗത്തിന് അങ്ങനെയുള്ള നോട്ടീസ് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് നൽകിയാൽ മതിയാകുന്നതാണ്.** പൂർണ്ണദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും മറ്റ് അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗതീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

iii) സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത അംഗങ്ങൾക്ക് പ്രസിഡന്റിനെയോ വൈസ്പ്രസിഡന്റിനെയോ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിൽ വോട്ടു ചെയ്യു വാനോ യോഗനടപടികളിൽ പങ്കെടുക്കുവാനോ അവകാശമുണ്ടായിരിക്കുന്നതല്ലായെന്ന് 152-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലും 153-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു അംഗം ഇപ്രകാരം



സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയാൻ 1995-ലെ കേരള പഞ്ചായത്ത് രാജ് (അംഗങ്ങൾ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവരുടെ സത്യപ്രതിജ്ഞ) ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള 1-ാം നമ്പർ ഫാറത്തിലുള്ള രജിസ്റ്റർ പരിശോധിക്കേണ്ടതാണ്. ഈ രജിസ്റ്റർ ബന്ധപ്പെട്ട പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

iv) യോഗനോട്ടീസ് (നോട്ടീസ് മാതൃകക്ക് അനുബന്ധം 1 കാണുക) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നേരിട്ടോ ലഭ്യമായ വിലാസത്തിലോ നൽകേണ്ടതാണ്.

**4. ഹാജർ, മിനിറ്റ്സ് എന്നിവ രേഖപ്പെടുത്തൽ**

യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഹാജരും യോഗ മിനിറ്റ്സും രേഖപ്പെടുത്തുന്നതിന് വരണാധികാരിയുടെ കൈവശം ഒരു പ്രത്യേക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാണ്. ഹാജരാകുന്ന ഓരോ അംഗവും യോഗത്തിനെത്തിയ സമയം രേഖപ്പെടുത്തി അതിൽ ഒപ്പ് വയ്ക്കേണ്ടതാണ്. യോഗത്തിന്റെ മിനിറ്റ്സ് വരണാധികാരി രേഖപ്പെടുത്തി ക്ലോസ് ചെയ്ത് ഒപ്പ്വെയ്ക്കേണ്ടതാണ്.

**5. യോഗത്തിന്റെ ക്വാറം**

മേൽപ്പറഞ്ഞപ്രകാരം വിളിച്ചു കൂട്ടുന്ന യോഗത്തിന്റെ ക്വാറം ബന്ധപ്പെട്ട പഞ്ചായത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം ആയിരിക്കുന്നതും, ഇത്രയും എണ്ണം അംഗങ്ങൾ ഹാജരായില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും കൂടുന്നതിനായി മാറ്റിവയ്ക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

**6. യോഗനടപടികൾ**

യോഗം ആരംഭിച്ചാലുടൻ യോഗം വിളിച്ചുകൂട്ടിയതിന്റെ ഉദ്ദേശ്യം വരണാധികാരി അറിയിക്കേണ്ടതും 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 6, 7, 8,

9 എന്നിവയിലെ വ്യവസ്ഥകൾ അംഗങ്ങൾക്ക് വായിച്ചുകേൾപ്പിക്കേണ്ടതുമാണ്. അതിനുശേഷം പ്രസിഡന്റിന്റേയോ വൈസ് പ്രസിഡന്റിന്റേയോ സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യാൻ അംഗങ്ങളെ ക്ഷണിക്കാവുന്നതാണ്. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പിന് നാമനിർദ്ദേശം എഴുതി സമർപ്പിക്കേണ്ടതില്ല. പ്രസിഡന്റിന്റേയോ വൈസ് പ്രസിഡന്റിന്റേയോ തിരഞ്ഞെ ടുപ്പിന്റെ കാര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ ഒരു അംഗത്തെ മറ്റൊരു അംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യേണ്ടതും വേറൊരു അംഗം പിന്താങ്ങേണ്ടതുമാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഹാജരില്ലാത്ത സംഗതിയിൽ അങ്ങനെ ഒരു സ്ഥാനാർത്ഥിയാകാൻ സമ്മതിച്ചുകൊണ്ടുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ട ആളിന്റെ രേഖാമൂലമുള്ള ഒരു സമ്മതപത്രം കൂടി ഹാജരാക്കേണ്ടതുമാണ്. <u>ഒരു അംഗം ഒന്നിലധികം പേരുകൾ നിർദ്ദേശിക്കാനോ അഥവാ പിന്താങ്ങാനോ പാടില്ലാത്തതാണ്.</u> എന്നാൽ സ്ത്രീകൾക്കോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കോ പട്ടികജാതി/പട്ടികവർഗ്ഗത്തിലെ സ്ത്രീകൾക്കോ പ്രസിഡന്റിന്റെ സ്ഥാനങ്ങൾ സംവരണം ചെയ്യപ്പെട്ടിട്ടുള്ള സംഗതിയിൽ അങ്ങനെയുള്ള ഒരു അംഗത്തെ മറ്റൊരു അംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യണമെന്നോ വേറൊരു അംഗം പിന്താങ്ങണമെന്നോ നിർബന്ധമില്ല. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർ ത്ഥികളുടെ പേരുകളും അവരെ യഥാക്രമം നിർദ്ദേശിച്ചവരുടേയും പിൻതാങ്ങിയവരുടേയും പേരുകൾ യോഗത്തിൽ വരണാധികാരി വായിക്കേണ്ടതാണ്.

## 7. തിരഞ്ഞെടുപ്പ് രീതി

i) പ്രസിഡന്റിന്റേയോ വൈസ് പ്രസിഡന്റിന്റേയയോ സ്ഥാനത്തേക്ക് യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയായി ഒരാൾ മാത്രമേയുള്ളൂവെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതില്ലാത്തതും പ്രസ്തുത സ്ഥാനാർത്ഥി, അതത് സംഗതിപോലെ, പ്രസിഡന്റായോ വൈസ് പ്രസിഡന്റായോ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതുമാണ്.

ii) ഒരു സ്ഥാനത്തേക്ക് ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 9-ാം ചട്ടപ്രകാരമുള്ള വോട്ടെടുപ്പ് നടത്തേണ്ടതാണ്. ഇതിലേക്കായി



വോട്ടു ചെയ്യാൻ ആഗ്രഹിക്കുന്ന അർഹതയുള്ള ഓരോ അംഗത്തിനും വരണാധികാരി 1-ാം നമ്പർ ഫാറത്തിലുള്ള ഒരു ബാലറ്റ് പേപ്പർ നൽകേണ്ടതാണ് (അനുബന്ധം 2 കാണുക). ബാലറ്റുപേപ്പറിൽ മൽസരിക്കുന്ന എല്ലാ സ്ഥാനാർത്ഥി കളുടെയും പേരുകളും അതിന്റെ മറുപുറത്ത് വരണാധികാരിയുടെ മുദ്രയും പൂർണ്ണമായ ഒപ്പും ഉണ്ടായിരിക്കേണ്ടതുമാണ്.

iii) ഓരോ അംഗവും ബാലറ്റുപേപ്പർ കിട്ടിയാലുടൻതന്നെ അതിൽ വോട്ടുചെയ്യാനുദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനെതിരെ **'X'** എന്ന അടയാളം ഇടേണ്ടതും ബാലറ്റുപേപ്പറിന്റെ പുറകുവശത്ത് അയാളുടെ പേരും ഒപ്പും ~~രേഖപ്പെടുത്തി~~ വരണാധികാരിയെ ഏൽപ്പിക്കേണ്ടതുമാണ്. വോട്ടെടുപ്പ് പൂർത്തി യായശേഷം വരണാധികാരി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ബാലറ്റ് പേപ്പറുകൾ എണ്ണേണ്ടതും ഓരോ അംഗവും ഏതു സ്ഥാനാർത്ഥിക്കാണ് വോട്ടുരേഖപ്പെടുത്തിയതെന്ന് പ്രഖ്യാപിക്കേണ്ടതുമാണ്.

## 8. അസാധുവായ വോട്ടുകൾ

വരണാധികാരിയുടെ മുദ്രയും പൂർണ്ണമായ ഒപ്പും ഇല്ലാത്തതോ അല്ലെങ്കിൽ **'X'** എന്ന അടയാളം ഇല്ലാത്തതോ അല്ലെങ്കിൽ വോട്ടുചെയ്ത അംഗത്തിന്റെ പേരും ഒപ്പും ഇല്ലാത്തതോ അല്ലെങ്കിൽ ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിന് നേരെ **'X'** എന്ന അടയാളം രേഖപ്പെടുത്തിയിട്ടുള്ളതോ ആയ ബാലറ്റുപേപ്പർ അസാധുവായി തള്ളിക്കളയേണ്ടതാണ്.

## 9. വോട്ടെണ്ണലും ഫലപ്രഖ്യാപനവും

വോട്ടെടുപ്പ് പൂർത്തിയായശേഷം വരണാധികാരി, അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ, ബാലറ്റു പേപ്പറുകൾ എണ്ണേണ്ടതും ഓരോ അംഗവും ഏതു സ്ഥാനാർത്ഥിക്കാണ് വോട്ടു രേഖപ്പെടുത്തിയതെന്ന് പ്രഖ്യാപിക്കേണ്ടതും തുടർന്ന് ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തി താഴെ പറയുന്ന രീതിക്കനുസൃതമായി തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കേണ്ടതുമാണ്, അതായത് :-

i). മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ട് മാത്രമേ ഉള്ളുവെങ്കിൽ, കൂടുതൽ

സാധുവായ വോട്ടുകൾ നേടിയ ആൾ തിരഞ്ഞടുക്കപ്പെട്ടതായി വരണാധി കാരി പ്രഖ്യാപിക്കേണ്ടതും, രണ്ടു സ്ഥാനാർത്ഥികൾക്കും **സാധുവായ വോട്ടുകൾ തുല്യമായി വരുന്ന സന്ദർഭത്തിൽ, യോഗത്തിൽ വച്ച് നറുക്കെടുപ്പ് വരണാധികാരി നടത്തേണ്ടതും ആരുടെ പേരാണോ നറുക്കെടുക്കപ്പെടുന്നത്** ആ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.

ii). മൽസരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുന്ന സംഗതിയിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടുള്ള മൊത്തം വോട്ടിനേക്കാൾ കൂടുതൽ വോട്ടുകൾ കിട്ടിയിട്ടുള്ള പക്ഷം അപ്രകാരം കൂടുതൽ വോട്ടുകൾ ലഭിച്ച ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.

iii). മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുകയും ആദ്യത്തെ വോട്ടെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്കും മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടുള്ള മൊത്തം വോട്ടിനേക്കാൾ കൂടുതൽ വോട്ടുകൾ കിട്ടാതിരിക്കുകയും ചെയ്യുന്ന പക്ഷം, ഏറ്റവും കുറച്ചു എണ്ണം വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടതും അങ്ങനെ ഒരു സ്ഥാനാർത്ഥിക്കു ശേഷിക്കുന്ന സ്ഥാനാർത്ഥിയെക്കാളോ അല്ലെങ്കിൽ ശേഷിക്കുന്ന സ്ഥാനാർത്ഥികളുടെ മൊത്തം വോട്ടിനെക്കാളോ, അതതു സംഗതിപോലെ കൂടുതൽ സാധുവായ വോട്ടുകൾ ലഭിക്കുന്നതു വരെ, ഓരോ വോട്ടെടുപ്പിലും ഏറ്റവും കുറച്ചു വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വോട്ടെടുപ്പ് തുടരേണ്ടതും, അങ്ങനെ കൂടുതൽ വോട്ടു ലഭിക്കുന്ന സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.

iv). ഒരു വോട്ടെടുപ്പിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യ എണ്ണം വോട്ടുകൾ ലഭിക്കുകയും അതിൽ ഒരാളെ മുൻഖണ്ഡം പ്രകാരം ഒഴിവാക്കേണ്ടിയും വരുമ്പോൾ **തുല്യമായി വോട്ടുകൾ കിട്ടിയ സ്ഥാനാർത്ഥികളിൽ ഏതു സ്ഥാനാർത്ഥിയെ ഒഴിവാക്കണം എന്നതിലേയ്ക്ക് വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ** ~~നറുക്കെടുക്കപ്പെടുന്നത്, ആ ആളിനെ ഒഴിവാക്കേണ്ടതുമാണ്.~~



v). ഒന്നിലധികം ഘട്ടങ്ങളിലായി വോട്ടെടുപ്പ് വേണ്ടി വരുമ്പോൾ ഓരോ ഘട്ടം വോട്ടെടുപ്പിലും വ്യത്യസ്ത നിറത്തിലുള്ള ബാലറ്റ് പേപ്പറുകൾ ഉപയോഗിക്കേണ്ടതും അവ ഏതു ഘട്ടം വോട്ടെടുപ്പിലുള്ളതാണെന്ന് അവയിൽ വരണാധികാരി രേഖപ്പെടുത്തേണ്ടതും ഓരോ ഘട്ടം വോട്ടെടുപ്പിനും മുകളിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 10. തിരഞ്ഞെടുപ്പ് ഫലം പ്രസിദ്ധീകരിക്കൽ

തിരഞ്ഞെടുപ്പ് ഫലം യോഗത്തിൽ പ്രഖ്യാപിച്ച ശേഷം വരണാധികാരി ഉടൻതന്നെ പ്രസ്തുത ~~പഞ്ചായത്തിന്റെ~~ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

## 11. ബാലറ്റ് പേപ്പറുകളുടെ സൂക്ഷിപ്പ്

ഓരോ ഘട്ടത്തിലും എണ്ണപ്പെട്ടതും അല്ലെങ്കിൽ തള്ളിക്കളഞ്ഞതുമായ ബാലറ്റുപേപ്പറുകൾ വരണാധികാരി പ്രത്യേകം കവറുകളിലാക്കി മുദ്ര വയ്ക്കേണ്ടതും, ഓരോ പായ്ക്കറ്റിലും എത്ര എണ്ണം ~~ബാലറ്റ് പേപ്പറുകൾ~~ ഉൾക്കൊള്ളുന്നു എന്നും, ഏതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ് എന്നും രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം മുദ്രവെയ്ക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്ത പായ്ക്കറ്റുകൾ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയെ വരണാധികാരി ഏൽപ്പിക്കേണ്ടതും അദ്ദേഹം അത് ഭദ്രമായി സൂക്ഷിക്കേണ്ടതുമാണ്. അതത് സംഗതിപോലെ, തിരഞ്ഞെടുപ്പിന്റെ സാധുത സംബന്ധിച്ച തർക്കം തീർപ്പാക്കാൻ അധികാരപ്പെട്ട കോടതിയുടേയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റേയോ ഉത്തരവിൻ പ്രകാരമല്ലാതെ അത്തരം പായ്ക്കറ്റുകൾ തുറക്കുകയോ അവ ഹാജരാക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്. അധികാരപ്പെട്ട കോടതിയുടേയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റേയോ മറ്റു വിധത്തിലുള്ള ഒരു ഉത്തരവ് ഇല്ലാത്തപക്ഷം ഒരു വർഷക്കാലയളവിനു ശേഷം സെക്രട്ടറി പ്രസ്തുത പായ്ക്കറ്റുകൾ നശിപ്പിച്ചുകളയേണ്ടതാണ്.

## 12. പ്രത്യേക മിനിറ്റ്സ് ബുക്കിന്റെ സൂക്ഷിപ്പ്

തിരഞ്ഞെടുപ്പ് യോഗത്തിൻെറ നടപടികൾ രേഖപ്പെടുത്തുന്നതിനായി വരണാധികാരി പ്രത്യേക മിനിട്ട്സ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഹാജർ, ഓരോ സ്ഥാനാർത്ഥിക്കും വിവിധ ഘട്ടങ്ങളിൽ ലഭിച്ച വോട്ട്, ഓരോ അംഗവും ആർക്കാണ് വോട്ടു ചെയ്തതെന്ന വിവരം, ഫലപ്രഖ്യാപനം സംബന്ധിച്ച വിവരങ്ങൾ എന്നിവ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും പഞ്ചായത്തിന്റെ മിനിട്ട്സ് ബുക്കിൽ ഈ വിവരം രേഖപ്പെടുത്താൻ പാടില്ല.

### 13. പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ

ഏതുതലത്തിലുമുള്ള ഒരു പഞ്ചായത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടയാൾ തന്റെ സ്ഥാനം ഏറ്റെടുക്കുന്നതിന് മുമ്പായി സർക്കാർ ഇതിലേയ്ക്ക് അധികാരപ്പെടുത്തിയ വരണാധികാരി മുമ്പാകെയും വൈസ്പ്രസിഡന്റ്, പ്രസിഡന്റ് മുമ്പാകെയും കേരള പഞ്ചായത്ത് രാജ് (അംഗങ്ങൾ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവരുടെ സത്യപ്രസിജ്ഞ) ചട്ടങ്ങൾപ്രകാരം സത്യപ്രസിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പ് വെയ്ക്കേണ്ടതാണ്.

### 14. പ്രസിഡന്റ്, വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച പരാതി

ഒരു പഞ്ചായത്തിന്റെ പ്രസിഡന്റിന്റേേോ വൈസ്പ്രസിഡന്റേോ തിരഞ്ഞെടുപ്പിന്റെ സാധുത സംബന്ധിച്ച് തർക്കം ഉണ്ടായാൽ ഗ്രാമപഞ്ചായത്തിന്റെ സംഗതിയിൽ അതിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്മേൽ അധികാരിതയുള്ള മുനിസിഫ് കോടതി മുൻപാകെയും ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും സംഗതിയിൽ അതിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്മേൽ അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെയും തർക്കം തീർപ്പിനായി ഒരു ഹർജി ഫയൽ ചെയ്യാവുന്നതാണ്.



## അനുബന്ധം 1

## നോട്ടീസ് മാതൃക

(പേജ് 2 ഖണ്ഡിക 3.ii കാണുക)

**1995 – ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 5(3) ചട്ടപ്രകാരം നൽകുന്ന പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നോട്ടീസ്**

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം 153 - ാം വകുപ്പു പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ............................ തീയതി ............................................ *ഗ്രാമപഞ്ചായത്ത് / ബ്ലോക്ക്പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് *പ്രസിഡന്റ് / വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ ........................................... *ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് *പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ............വർഷം ...........മാസം.......................... തീയതി (ദിവസപ്പേര്) .................... മണിക്ക് / *വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ...........വർഷം ..........................മാസം.................... തീയതി(ദിവസപ്പേര്) ............... മണിക്ക് ................................................. ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

സ്ഥലം: വരണാധികാരി

തീയതി: ................................*ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്

*ബാധകമല്ലാത്തത് വെട്ടികളയുക

**അനുബന്ധം 2**

**ഫാറം 1**

(പേജ് 4 ഖണ്ഡിക 7.ii കാണുക)

**ബാലറ്റ് പേപ്പർ മാതൃക**

| ക്രമ നമ്പർ | സ്ഥാനാർത്ഥിയുടെ പേര് | വോട്ടടയാളം |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |